Mr. Parambi Lonappen *(Minister for Rural Devolopement)*: I cannot say that now.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ ഹൌസ് ഗ്രാൻറ് കൊടുത്തു് വീടുകൾ പണിയിക്കുന്ന സമ്പ്രദായം എങ്ങിനെയാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ക ക ക്ന-ൽ ഡ ങക. അനുവദിച്ചതുകൊണ്ടു് എത്ര വീടുകൾ ഉണ്ടാക്കീട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: വീടുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: വീടുണ്ടാക്കാൻ വേണ്ടീട്ടല്ലേ ഇതു കൊടുക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ ബഡ്ജററിൽ കൊള്ളിച്ചതുക മുഴുവനും ഈ ആവശ്യത്തിനുള്ളതല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ബഡ്ജററിൽ കൊള്ളിക്കുന്ന തുകയൊക്കെ ചിലപ്പോൾ ഉപയോഗിച്ചുവെന്നു വരികയില്ല. ഡിപ്പാർട്ടുമെണ്ടിൻെറ അസൌകര്യംകൊണ്ടാണു് അങ്ങിനെ വരുന്നതു്. അപ്പോൾ ആ സംഖ്യ ലാപ്സായി പോകും.

മിസ്റ്റർ പി. നാരായണമേനോൻ: സാധാരണയായിട്ടു കോളനികളിൽ വീടു ഉണ്ടാക്കാൻ ഉറപ്പിക കൊടുക്കുമോ, അതോ വീടുണ്ടാക്കി കൊടുക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: രണ്ടുവിധത്തിലുമുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഈ ഡ ങക. ഏതു വിധത്തിലാണു് ചിലവാക്കീട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

STUD BULL—ERNAKULAM MUNICIPALITY

171. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) എറണാകുളം മുനിസിപ്പാലററിയിൽ എത്ര വിത്തുകാളകളെ (Stud bulls) നിറുത്തിയിട്ടുണ്ടു്;

(ബി) ഈ കാള ഓരോ ദിവസവും ശരാശരി എത്ര പശുക്കളെ തടുക്കും;

(സി) എറണാകുളം മുനിസിപ്പാലററിക്കകത്തു് ഏതാണ്ടു് എത്ര പശുക്കൾ ഉണ്ടാകും?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഒരു വിത്തുകാളയെ നിറുത്തിയിട്ടുണ്ടു്.

(ബി) ശരാശരി മാസത്തിൽ ര പശുക്കളെവീതം ചവിട്ടും.

(സി) ഈ കഴിഞ്ഞ കന്നുകാലി സെൻസസ്സു് അനുസരിച്ചു മുന്നുവയസ്സിൽ കൂടുതൽ പ്രായമുള്ള ൻ ൻെറ പശുക്കൾ ഉണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ൻ ൻെറ പശുക്കളുള്ള ഒരു സ്ഥലത്തു ഒരു വിത്തുകാളമാത്രം മതിയോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വേറെയും വിത്തുകാളകളുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ വിത്തുകാളകളെ കൃഷിഡിപ്പാർട്ടുമെണ്ടിൽനിന്നോ, പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെണ്ടിൽനിന്നോ പരിശോധിക്കാറുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: അങ്ങിനെ പരിശോധിക്കാതെ ഇരുന്നാൽ അതുകൊണ്ടു് എന്തെങ്കിലും ദുഷ്യങ്ങളുണ്ടാകുമെന്നു് ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു പരിശോധിക്കണമെന്നുണ്ടു്. അതിനെപ്പററി ആലോചിക്കാം.

PEOPLE'S CO-OPERATIVE BANK & SITE—PURCHASE OF BY GOVERNMENT

172. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സമയം മറുപടി പറയുമോ.—

(എ) തൃപ്പൂണിത്തുറ പീപ്പിൾസ് കോ ഓപ്പറേററീവ് ബാങ്കു് കെട്ടിടവും അതിരിക്കുന്ന പറമ്പും ഗവമ്മെണ്ടു് വിലക്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly